**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** — **23-08-2022 - ൽ മറുപടിയ്ക്ക്**

**വടവുകോട് സാമൂഹ്യആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 1.75 കോടി രൂപ ചെലവിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് നമ്പർ GO-1555/2021/H&FWD തിയതി 26-07-2021 പ്രകാരം ആദ്യ ഘട്ടത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തിരഞ്ഞെടുത്ത 90 ആശുപത്രികളിൽ, കുന്നത്തുനാട് നിയോജക ണ്ഡലത്തിലെ സി.എച്ച്.സി വടവുകോട് ആശുപത്രി ഉൾപെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി M/s. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് 17.06.2022ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തി ഉത്തരവ് നൽകുകയും സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ടസ്ഥലം ഐസൊലേഷൻ വാർ ഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു.<br><br>ടി പ്രദേശത്ത് മരം മുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള തടസ്സങ്ങൾ നീക്കുന്നതിനു ണ്ടായ കാലതാമസമാണ് നിർമ്മാണ പ്രവർത്തികൾ വൈകാൻ കാരണമായത്. |
| (ബി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | സർക്കാർ ഉത്തരവ് നമ്പർ GO-1555/2021/H&FWD തിയതി 26-07-2021 പ്രകാരം ആദ്യ ഘട്ടത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തിരഞ്ഞെടുത്ത 90 ആശുപത്രികളിൽ, കുന്നത്തുനാട് നിയോജക ണ്ഡലത്തിലെ സി.എച്ച്.സി വടവുകോട് ആശുപത്രി ഉൾപെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി M/s. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് 17.06.2022ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തി ഉത്തരവ് നൽകുകയും |

| | | | |
|---|---|---|---|
| | | | സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ടസ്ഥലം ഐസൊലേഷൻ വാർ ഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു.<br><br>ടി പ്രദേശത്ത് മരം മുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള തടസ്സങ്ങൾ നീക്കുന്നതിനു ണ്ടായ കാലതാമസമാണ് നിർമ്മാണ പ്രവർത്തികൾ വൈകാൻ കാരണമായത്. |
| (സി) | പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ ഒഴിവാക്കി സ്ഥലം പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ